**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4550** **29-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ഓപ്പൺ ജയിലിനായി വനം വകുപ്പിന്റെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതിക്ക് കോട്ടം വരാതെ കൃഷി ചെയ്ത് സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനും തടവുകാരെ പാർപ്പിക്കുന്നതിനുമായി പാലക്കാട് ജില്ലയിൽ എവിടെയെങ്കിലും ഒരു 'ഓപ്പൺ ജയിൽ' സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അധീനതയിൽ ഉള്ള ഏതെങ്കിലും സ്ഥലം ജയിൽ വകുപ്പിന് കൈമാറാൻ സാധിക്കുമോ എന്ന് അറിയിക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ തടവുകാരെ പാർപ്പിക്കുന്നതിനായി ഓപ്പൺ ജയിൽ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അധീനതയിൽ ഉള്ള ഏതെങ്കിലും സ്ഥലം ജയിൽ വകുപ്പ് ആവശ്യപ്പെട്ടുകയോ, ആയതിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലോ ഇല്ല. |
| (ബി) | എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വനഭൂമി വനേതരാവശ്യത്തിന് കൈമാറുന്നതിന്, 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വിവക്ഷിക്കുന്നതരത്തിൽ അപേക്ഷ കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റായ "പരിവേഷ്" പോർട്ടലിൽ യൂസർ ഏജൻസി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആയത് വിവിധ തലങ്ങളിൽ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ ശുപാർശയോട്ടു കൂടി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ